## പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം: പഞ്ചായത്ത് ജീവനക്കാര്യം - ഭരണജാഗ്രത - പാറക്കടവ് ഗ്രാമ പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.ജെ.ജസ്റ്റിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുന്നു

പരാമർശം:

1. ഈ ഓഫീസിലെ 09.05.2013 ലെ ഇതേ നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 10.06.2013 ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ
3. ശ്രീ.ജെ.ജസ്റ്റിൻ സമർപ്പിച്ച 19.06.2013 തീയതിയിലെ എതിർവാദപത്രിക.
4. ഈ ഓഫീസിലെ 05.09.2013 ലെ ഇതേ നമ്പർ ഉത്തരവ്
5. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 11.11.2013 ലെ ഡി2-3971/13 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
6. ഈ ഓഫീസിലെ 18.12.2013 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. ശ്രീ.ജെ.ജസ്റ്റിൻ സമർപ്പിച്ച 23.01.2014 തീയതിയിലെ മറുപടി.

### ഉത്തരവ് നമ്പർ. ഡി2-12337/2013 തീയതി. 24.02.2014

എറണാകുളം ജില്ലയിലെ പാറക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി യായിരുന്ന ശ്രീ.ജെ.ജസ്റ്റിൻ കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും മറികടന്ന് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ തീരുമാനത്തിന് വിരുദ്ധമായി കേരള പഞ്ചായത്ത് രാജ് (ഡി&ഒ ലൈസൻസ്) ചട്ടങ്ങൾ ലംഘിച്ചും, മെഡിക്കൽ ഓഫീസറുടെ NOC ഇല്ലാതെയും ഫയർ & റസ്ക്യു വകുപ്പ് അനുമതി നൽകിയതിൽ കൂടുതൽ കുതിരശക്തി യുള്ള മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് M/s സാൻഡ്റോക്ക് അഗ്രിഗേറ്റ് എന്ന മെറ്റൽ ക്രഷർ യൂണിറ്റിന് അനുമതി നൽകിയതിന് ടിയാനെ പരാമർശം (1) പ്രകാരം അന്വേഷണത്തിനും അച്ചടക്കനടപടിക്കും വിധേയമായി സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയുണ്ടായി. തുടർന്ന് താഴെപ്പറയുന്ന ആരോപണങ്ങൾ മുൻനിർത്തി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

I. പാറക്കടവ് ഗ്രാമപഞ്ചായത്തിലെ പാറക്കടവ് വില്ലേജിലെ സർവ്വേ നമ്പർ 164/1-2, 1-3, 168/5 എന്നിവയിൽപ്പെട്ട സ്ഥലത്ത് ശ്രീ.ജോമോൻ ജോസഫ്, മാനേജിംഗ് പാർട്ട്ണർ ആയ M/s സാൻഡ്റോക്ക് അഗ്രിഗേറ്റ് എന്ന മെറ്റൽ ക്രഷർ യൂണിറ്റിന് പ്രവർത്തനാനുമതിയും ലൈസൻസും അനുവദിച്ചത് താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാതെയും ഭരണസമിതിയുടെ അറിവോ അനുമതിയോ ഇല്ലാതെയുമാണ്. ഇപ്രകാരം പ്രവർത്തിക്കുക വഴി സെക്രട്ടറി ശ്രീ.ജസ്റ്റിൻ ഗുരുതരമായ അധികാര ദുർവിനിയോഗവും ചട്ടലംഘനവും കാട്ടി.

1. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.
2. ഫയർ & റസ്ക്യു വകുപ്പിന്റെ 04.03.2013 ലെ എ/2402/13 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം പ്രകാരം 195 H.P മോട്ടോർ ഉപയോഗിച്ച് മാത്രം മെറ്റൽ ക്രഷർ യൂണിറ്റ് പ്രവർത്തിപ്പിയ്ക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഇത് കണക്കിലെടുക്കാതെ 425 H.P മോട്ടോർ ഉപയോഗിക്കുന്നതിന് ലൈസൻസ് അനുവദിച്ചതു വഴി ഫയർ & റസ്ക്യു വകുപ്പിന്റെ നിബന്ധന ലംഘിച്ചു.
3. 28.01.2013 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 28–ാം നമ്പർ അജണ്ടയായി ലൈസൻസ് അനുവദിക്കുന്ന വിഷയം ഉൾപ്പെടുത്തിയിരുന്നെങ്കിലും പഞ്ചായത്തുകമ്മിറ്റി ഈ വിഷയം പരിഗണനയ്ക്ക് എടുക്കാതെ അജണ്ട 24 മുതൽ 32 വരെയുള്ള ഇനങ്ങൾ അടുത്ത കമ്മിറ്റിയിലേയ്ക്ക് മാറ്റി വച്ചിരുന്നു. തുടർന്ന് 22.02.2013 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ 14 –ാം നമ്പർ തീരുമാന പ്രകാരം ഈ വിഷയത്തിൽ ലഭിച്ച പരാതികൾ ബന്ധപ്പെട്ടവരെ കേട്ട് ചർച്ച ചെയ്തു തീരുമാനം ഏടുക്കുന്ന തിനായി മാറ്റി വെച്ചിരുന്നു. അതിനെ തുടർന്ന് 04.03.2013, 05.03.2013, 06.03.2013 എന്നീ തീയതികളിൽ പരാതിക്കാരും കമ്പിനി പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നെങ്കിലും പരിഹാര നിർദ്ദേശമുണ്ടായില്ല. എന്നാൽ സെക്രട്ടറി ശ്രീ.ജസ്റ്റിൻ 06.03.2013 ലെ ചർച്ചയിലെ പരിഹാര നിർദ്ദേശത്തിന് കാത്തുനില്ക്കാതെയും, പഞ്ചായത്തു കമ്മിറ്റി തീരുമാനമില്ലാതെയും അനാവശ്യ തിടുക്കം കാട്ടിയും അധികാരപരിധി ലംഘിച്ചും അധികാര ദുർവിനിയോഗം നടത്തിയും ടി യൂണിറ്റിന് 05.03.2013 ൽ ലൈസൻസ് അനുവദിച്ചു. 22.02.2013 ലെ പഞ്ചായത്തു കമ്മിറ്റി തീരുമാനം നിലനിൽക്കേ 1994 ലെ കേരള പഞ്ചായത്ത്രാജ് (ഡി&ഒ ലൈസൻസ്) ചട്ടങ്ങൾക്കും, ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള മറ്റ് നിബന്ധനകളും നിയമങ്ങളും ലംഘിച്ച് ലൈസൻസ് നൽകുക വഴി സെക്രട്ടറി അധികാരപരിധി ലംഘനവും അധികാരദുർവിനിയോഗവും കാട്ടി.

II. ബഹു:ഹൈക്കോടതിയുടെ WP(C) നം.5732/13 ലെ 28.02.2013 ലെ വിധിന്യായത്തിൽ ആയതിലെ Exbt P (1) പ്രകാരമുള്ള ലൈസൻസ് അപേക്ഷ നിയമാനുസരണം പരിഗണിച്ച് ഒരു മാസത്തിനകം തീരുമാനമെടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ സെക്രട്ടറിയായിരുന്ന ശ്രീ.ജെ.ജസ്റ്റിൻ പ്രസ്തുത ഹൈക്കോടതി വിധി ദുർവ്യാഖ്യാനം ചെയ്തു നിയമാനുസരണം സ്വീകരിയ്ക്കേണ്ട നടപടിക്രമങ്ങൾ പാലിയ്ക്കാതെ ചട്ടങ്ങൾ ലംഘിച്ച് ലൈസൻസ് അനുവദിയ്ക്കുക വഴി ഗുരുതരമായ അച്ചടക്കലംഘനം കാട്ടി.

കുറ്റപത്രത്തിന് ശ്രീ.ജസ്റ്റിൻ പരാമർശം (3) പ്രകാരം എതിർവാദപത്രിക സമർപ്പിയ്ക്കുകയുണ്ടായി. ആയതിൻമേൽ വ്യക്തമായ അഭിപ്രായമറിയിയ്ക്കാൻ ആവശ്യ പ്പെട്ടത് പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അഭിപ്രായ മറിയിക്കുക യുണ്ടായി. ടിയാന്റെ എതിർവാദപത്രിക, എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ടിയാനെതിരായ ആരോപണങ്ങളിൻമേൽ 1960 ലെ കെ.സി.എസ് (സിസി&എ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് അപ്രകാരമുള്ള അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ.അർജുനനെ ചുമതലപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവാകുകയുണ്ടായി. അതിൻപ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (5) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ടു സമർപ്പിയ്ക്കുകയുണ്ടായി.

ശ്രീ.ജസ്റ്റിനെതിരായ കുറ്റങ്ങൾ നിലനിൽക്കുന്നതായും ആരോപിത സ്ഥാപനത്തിന് 220 H.P യ്ക്കാണ് മലിനീകരണ നിയന്ത്രണബോർഡ് അനുമതി നൽകിയത് എങ്കിലും സെക്രട്ടറി 425 H.P യ്ക്കാണ് പ്രവർത്തനാനുമതി ലൈസൻസ് അനുവദിച്ചത് എന്നും, ഫയർ & റസ്ക്യൂ വകുപ്പ് 195 H.P ഉപയോഗിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകിയത് എങ്കിലും സെക്രട്ടറി 425 H.P യ്ക്ക് ലൈസൻസ് അനുവദിച്ചത് വഴി ഫയർ & റസ്ക്യൂ വകുപ്പിന്റെ നിബന്ധന ലംഘിച്ചുവെന്നും 22.02.2013 -ാം തീയതിയിൽ കൂടിയ പഞ്ചായത്ത് കമ്മറ്റി ടി വിഷയം ചർച്ച ചെയ്യുകയും പരാതിക്കാരെ കേട്ടതിനുശേഷം മെറ്റൽ ക്രഷറിന് അനുമതി നൽകുന്നതു സംബന്ധിച്ച് ചർച്ച ചെയ്തു തീരുമാനിക്കുന്നതിന് മാറ്റിവച്ചു എന്നാണ് തീരുമാനം. പ്രസ്തുത തീരുമാനത്തിൽ ടി വിഷയത്തിൽ തീരുമാനമെടുക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയെന്ന് ടിയാന്റെ വാദം ശരിയാണോ എന്ന് പരിശോധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന രജിസ്റ്റർ/ മിനിട്ട്സ് ബുക്ക് എന്നിവ പരിശോധിച്ചതിൽ ഇപ്രകാരം തീരുമാനം എടുത്തിട്ടുള്ളതായി കാണുന്നില്ലന്നും ബഹു:ഹൈക്കോടതിയുടെ 28.02.2013 ലെ WP(C) നം.5732/13 നമ്പർ വിധിന്യായത്തിൽ ലൈസൻസ് അപേക്ഷ നിയമാനുസൃതം പരിഗണിച്ച് ഒരു മാസത്തിനകം തീരുമാനമെടുക്കണമെന്നായിരുന്നു നിർദ്ദേശം എന്നും എന്നാൽ ടിയാൻ നിയമാനുസൃതം സ്വീകരിയ്ക്കേണ്ടതായ നടപടി ക്രമങ്ങൾ പാലിയ്ക്കാതെയും ഉത്തരവ് വ്യക്തമായി പഠിയ്ക്കാതെയുമാണ് ലൈസൻസ് അനുവദിച്ചതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

ശ്രീ.ജസ്റ്റിന്റെ സെക്രട്ടറി തസ്തികയിലെ പ്രവർത്തനം പരിശോധിച്ചതിൽ ടിയാൻ മറ്റ് രണ്ട് അച്ചടക്കനടപടികൾ കൂടി നേരിട്ടു വരുന്നതായി കാണുന്നു.

1. ഇലഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിയ്ക്കെ പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി ഇലഞ്ഞി ഗ്രാമപഞ്ചായത്തിന് അനുവദിച്ച 18,08,000/- രൂപ സമയബന്ധിതമായി ട്രഷറിയിൽ നിന്ന് മാറി എടുക്കുന്നതിൽ കാലതാമസം വരുത്തിയതിനാൽ ഗ്രാമപഞ്ചായത്തിന് 18,08,000/- രൂപ നഷ്ടപ്പെടുകയുണ്ടായി ആയതിന് ശ്രീ.ജസ്റ്റിനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിയ്ക്കുകയും ചെയ്തിരുന്നു

2. സംസ്ഥാന വ്യാപകമായി "ഓപ്പറേഷൻ ഗ്രാമം" എന്ന പേരിൽ വിജിലൻസ് നടത്തിയ ആകസ്മിക പരിശോധനയുടെ ഭാഗമായി ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് സെക്രട്ടറിയായിരുന്ന ശ്രീ.ജസ്റ്റിനെതിരെ സർക്കാർ തലത്തിൽ അച്ചടക്കനടപടി സ്വീകരിച്ചു വരുന്നു.

മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചതിൽ ടിയാൻ തുടർച്ചയായി പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും ലംഘിക്കുക, അധികാരദുർവിനിയോഗവും അധികാരപരിധിലംഘനവും നടത്തുക കൃത്യവിലോപവും അച്ചടക്കലംഘനവും കാട്ടുക തുടങ്ങിയ ഗുരുതരമായ കുറ്റങ്ങൾ നടത്തുന്നതായി കാണുകയുണ്ടായി. പരാമർശ വിഷയം വിശദമായി പരിശോധിച്ചതിൽ ശ്രീ.ജെ.ജസ്റ്റിൻ കഠിന ശിക്ഷാർഹനാണെന്ന് കണ്ട് ടിയാനെ സെക്രട്ടറി തസ്തികയിൽ നിന്നും തൊട്ടു താഴത്തെ തസ്തികയായ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തിക യിലേക്ക് അഞ്ച് വർഷത്തേക്ക് തരംതാഴ്ത്തുന്നതിന് താല്ക്കാലികമായി തീരുമാനിച്ച് ടി താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി നടപ്പാക്കാതിരി യ്ക്കുന്ന തിന് കാരണമെന്തെങ്കിലും ബോധിപ്പിയ്ക്കാനുണ്ടെങ്കിൽ ആയതു 15 ദിവസത്തിനകം അറിയിക്കാൻ നിർദ്ദേശിച്ച് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു.ആയതിന് ടിയാൻ പരാമർശം (7) പ്രകാരം സമർപ്പിച്ച മറുപടി പരിശോധിച്ചതിൽ ടിയാനെ ശിക്ഷാവിമുക്തനാക്കാനോ ശിക്ഷയിൽ ഇളവ് വരുത്താനോ തക്ക വാദങ്ങളൊന്നും ടിയാൻ ഉന്നയിച്ച് കാണുന്നില്ല. കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ച മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ ആവർത്തിയ്ക്കുകയാണ് ടിയാൻ ചെയ്തിരിയ്ക്കുന്നത്.

മേൽ സാഹചര്യത്തിൽ ശ്രീ.ജെ.ജസ്റ്റിനെ സെക്രട്ടറി തസ്തികയിൽ നിന്നും തൊട്ടുതാഴത്തെ തസ്തികയായ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്

തസ്തികയിലേക്ക് അഞ്ച് വർഷത്തേയ്ക്ക് തരംതാഴ്ത്തുക എന്ന താല്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ശ്രീ.ജസ്റ്റിനെതിരായ അച്ചടക്കനടപടി തീർപ്പാക്കി സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ടിയാന്റെ നിയമന ഉത്തരവ് ഈ ഓഫീസിൽ നിന്ന് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

Mithra T.
മിത്ര.റ്റി. ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

ശ്രീ.ജെ.ജസ്റ്റിൻ
മുൻ സെക്രട്ടറി, പാറക്കടവ് ഗ്രാമപഞ്ചായത്ത്
(എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്: പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , എറണാകുളം (ഉത്തരവ് ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്)
സെക്രട്ടറി, പാറക്കടവ് ഗ്രാമപഞ്ചായത്ത്
സൂപ്രണ്ട്, 'E' സെക്ഷൻ (ശ്രീ.ജസ്റ്റിന് അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകി റിപ്പോർട്ട് ചെയ്യുന്നതിന്)
Website; lsgd.kerala.gov.in. (പ്രസിദ്ധീകരണത്തിന്)
കരുതൽ/അധികം.

ജെ.എൽ